(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തൊട്ടാകെ സഹകരണ ബാങ്കുകൾ മുഖേന പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുൾപ്പെടെ ആകെ 3078.99 ലക്ഷം രൂപയുടെ വിദ്യാഭ്യാസ വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ കഴിഞ്ഞ സാമ്പത്തിക വർഷം പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി 789 വായ്പകളിലായും 12.21 കോടി രൂപയുടെ വിദ്യാഭ്യാസ വായ്പകളാണ് ഈടില്ലാതെ വിതരണം ചെയ്തിട്ടുള്ളത്.

(എഫ്) 2009-2010 വർഷം മുതൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പയ്ക്കുള്ള പലിശ സബ്സിഡി സ്കീമിൽ ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്ന് വിതരണം ചെയ്തിട്ടുള്ള വിദ്യാഭ്യാസ വായ്പയെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. സഹകരണ ബാങ്കുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താത്തത് സഹകരണ ബാങ്കുകളിൽനിന്നും വിദ്യാഭ്യാസ വായ്പ എടുക്കുന്ന വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. ആയത് സഹകരണ ബാങ്കുകളിൽനിന്നുള്ള വായ്പാ വിതരണത്തേയും തിരിച്ചടവിനേയും പ്രതികൂലമായി ബാധിക്കുമെന്നതാണ്. ഈ സാഹചര്യത്തിലും ഉന്നത വിദ്യാഭ്യാസത്തിനും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുമായി സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുഖേന അർഹതയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ വായ്പ അനുവദിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇ.എം.എസ്. ഭവന പദ്ധതിക്ക് വായ്പ നൽകുന്ന പദ്ധതി

8 (*578) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇ.എം.എസ്. ഭവന പദ്ധതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പ നൽകുന്നതിന് സഹകരണ വകുപ്പ് പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഇതിനായി ഇതുവരെ എത്രകോടി രൂപയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വർഷം ഇനിയും എന്ത് തുക ഈ ഇനത്തിൽ വായ്പയായി വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഈ പദ്ധതിക്ക് സഹകരണ മേഖലയിൽനിന്നും വിതരണം ചെയ്യുന്ന വായ്പകളുടെ പലിശത്തുക സബ്സിഡിയായി അനുവദിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇ.എം.എസ്. ഭവന പദ്ധതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വായ്പ നൽകുന്ന പദ്ധതിക്ക് സഹകരണ വകുപ്പ് രൂപം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇ.എം.എസ്. ഭവന പദ്ധതിക്ക് സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ 419 കോടി രൂപയുടെ വായ്പ ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഇ.എം.എസ്. ഭവന പദ്ധതിക്ക് സഹകരണ മേഖലയിൽനിന്ന് 4000 കോടി രൂപ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന ഈ വർഷം ഇനിയും 3581 കോടി രൂപ വായ്പയായി വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഇ.എം.എസ്. ഭവന പദ്ധതിക്ക് സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും വിതരണം ചെയ്യുന്ന വായ്പയുടെ പലിശ പൂർണ്ണമായും സർക്കാർ വഹിക്കുന്നതാണ്. ടി പലിശ ഓരോ വർഷവും പരമാവധി 4 തവണകളായി സർക്കാർ ബന്ധപ്പെട്ട സഹകരണ സംഘത്തിന്/ബാങ്കിന് നൽകുന്നതാണ്.

വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ ഭേദഗതി വരുത്തണമെന്നാവശ്യം

9 (*579) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എൻ. രാജൻ :
ശ്രീ. കെ. രാജു :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ പ്രത്യേക സാഹചര്യം പരിഗണിച്ച് വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ ഭേദഗതി വരുത്തണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വരുത്തേണ്ട ഭേദഗതികളെ സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള നിവേദനങ്ങൾ നൽകിയിട്ടുണ്ടോ ;

(സി) പ്രസ്തുത റിപ്പോർട്ട് നടപ്പാക്കിയാലുണ്ടാകുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരും നബാർഡുമായി മുറപ്രകാരമുള്ള ധാരണാപത്രം ഒപ്പിടുന്നതിലൂടെ മാത്രമേ വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പാക്കേജ് നടപ്പിലാക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly